**Website: www.kwa.kerala.gov.in**
**Mobile/ Whatsapp: +919495998258**

**Tel. 0471-2738300**
Consumer Helpline Number
**1916 [24X7] [Toll Free]**
1916cckwa@gmail.com

# KERALA WATER AUTHORITY

**Jalabhavan**
**Thiruvananthapuram – 695033**
**Kerala - India**

No. **KWA-JB/7177/2025-N1(NPS)** Dated: 20-09-2025

## <u>സർക്കുലർ</u>

വിഷയം:-കേരള വാട്ടർ അതോറിറ്റിയിൽ ദേശീയ പെൻഷൻ പദ്ധതിയുടെ സുഗമവും ഫലപ്രദവുമായ നടത്തിപ്പിന് പാലിക്കേണ്ട തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

പരാമർശം:-

1) 07.01.2013 തീയതിയിലെ സ.ഉ(പി) നം 20/2013/ധന ഉത്തരവ്.
2) 07.05.2013 തീയതിയിലെ സ.ഉ(പി) നം 209 /2013/ധന ഉത്തരവ്
3) 19.12.2013 തീയതിയിലെ സ.ഉ(പി) നം 622 /2013/ധന ഉത്തരവ്.
4) 05.06.2014 തീയതിയിലെ സ.ഉ(പി) നം 21 0/2014 /ധന ഉത്തരവ്.
5) 14.07.2014 തീയതിയിലെ സ.ഉ(പി) നം 279 /2014 /ധന ഉത്തരവ്.
6) 04.07.2015 തീയതിയിലെ 65 /2015 /ധന നം പരിപത്രം.
7) 23.08.2016 തീയതിയിലെ സ.ഉ(പി) നം 1 20/2016 /ധന ഉത്തരവ്.
8) 16.11.2018 തീയതിയിലെ സ.ഉ(പി) നം 178 /2018 /ധന ഉത്തരവ്.
9) 27.02.2019 തീയതിയിലെ സ.ഉ(പി) നം 23 /2019 /ധന ഉത്തരവ്.
10) **03.09.2025 തീയതിയിലെ 68/2025/ധന നം പരിപത്രം**

31.03.2013 വരെ കെ.എസ് ആർ ഭാഗം III പെൻഷൻ ബാധകമായിരുന്ന വിഭാഗങ്ങളിൽ 01.04.2013 നോ അതിന് ശേഷമോ പുതുതായി നിയമിതരാകുന്ന ജീവനക്കാർക്ക് ദേശീയ പെൻഷൻ പദ്ധതി ബാധകമാക്കിക്കൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഇത്തരവായിരുന്നു. പദ്ധതിയുടെ സുഗമവും ഫലപ്രദവുമായ നടത്തിപ്പിനു പരാമർശത്തിലെ വിവിധ ഉത്തരവുകൾ പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുള്ളതാകുന്നു. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള പല വ്യവസ്ഥകളും കൃത്യമായി പാലിക്കപ്പെടുന്നില്ലെന്നതും ആയത് പദ്ധതി നടത്തിപ്പിൻ്റെ അച്ചടക്കാതെയും ഉദ്ദേശ്യലക്ഷ്യങ്ങളെയും പ്രതികൂലമായി ബാധിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ദേശീയ പെൻഷൻ

പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ പെൻഷൻ നിർണ്ണയത്തിൽ സുതാര്യത ഉറപ്പ് വരുത്തുന്നതിനും ആശയക്കുഴപ്പങ്ങൾ ഒഴിവാക്കുന്നതിനും സമയോചിതമായി ജീവനക്കാരെ എൻ.പി.എസ് ൽ എൻറോൾ ചെയ്യിപ്പിച്ച് എൻ പി എസ് നിക്ഷേപ വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യങ്ങൾ ഒരുക്കുന്നതിനുമായി സൂചന (10) പ്രകാരം സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടിവിച്ചിരുന്നു . അതിൻപ്രകാരം വാട്ടർ അതോറിറ്റിയിലെ ഡി ഡി ഓ മാർ കൈക്കൊള്ളേണ്ട നടപടികൾ ചുവടെ ചേർക്കുന്നു.

1) എൻ.പി.എസ് - ൻറെ പരിധിയിൽ വരുന്ന എല്ലാ ജീവനക്കാരുടെയും എൻറോൾമെന്റ് വേഗത്തിലാക്കാൻ ജീവനക്കാരുടെ എൽ.പി.എസ് രജിസ്ട്രേഷൻ നടത്തുന്നതിന് പരാമർശം (3) ഉത്തരവിന്റെ ഖണ്ഡിക VI ൽ നിർദ്ദേശിച്ചിട്ടുള്ള നിശ്ചിത സമയക്രമം എല്ലാ ഡി.ഡി.ഒ മാരും നിർബന്ധമായും പാലിക്കേണ്ടതാണ്. ജീവനക്കാരന്റെ നിയന്ത്രണത്തിനു പുറത്തുള്ള കാരണങ്ങൾ ഒഴികെ എൻ.പി.എസ് രജിസ്ട്രേഷൻ എടുക്കുന്നതിൽ പ്രസ്തുത **സമയക്രമം പാലിക്കാത്ത ജീവനക്കാരുടെ പൂർണ്ണ ശമ്പള ബില്ലുകൾ (Full salary Bill) അവരുടെ PRAN ലഭിക്കുന്നതുവരെ** ബന്ധപ്പെട്ട ഡി.ഡി.ഒ മാർ തയ്യാറാക്കേണ്ടതില്ല. ഏതെങ്കിലും സാഹചര്യത്തിൽ ഇത്തരം ശമ്പള ബില്ലുകൾ ലഭിക്കുന്ന പക്ഷം ടി ബില്ലുകൾ ഓഫീസർ നിരസിക്കേണ്ടതാണ്.

2) (a) ശൂന്യവേതനാവധിയിൽ തുടരുന്ന ഉദ്യോഗസ്ഥർ , വിവിധ കോടതികളുടെ പരിഗണനയിലുള്ള കേസുകളിൽ എൻ.പി.എസ് അംഗത്വം എടുക്കേണ്ടതില്ലെന്ന് ഇടക്കാല/അന്തിമ വിധിയുള്ളവർ എന്നിവർ ഒഴികെ ദേശീയ പെൻഷൻ പദ്ധതി ബാധകമായിട്ടുള്ളതും 31/07/2025 വരെ സർവ്വീസിൽ പ്രവേശിച്ച് നാളിതുവരെ അംഗത്വമെടുക്കാതെ തുടരുന്നതുമായ **ജീവനക്കാരുടെ എൻ.പി.എസ് രജിസ്ട്രേഷൻ നടപടികൾ 30/09/2025 നകം പൂർത്തീകരിക്കേണ്ടതാണ്.**

(b) 01/04/2013-നോ അതിനു ശേഷമോ സർവ്വീസിൽ പ്രവേശിച്ച് ശൂന്യവേതനാവധിയിൽ തുടരുന്ന ഉദ്യോഗസ്ഥർ അവധി കഴിഞ്ഞ് **സർവ്വീസിൽ പ്രവേശിച്ച് ഒരു മാസത്തിനകം എൻ.പി.എസ് രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.**

(c) കോടതിവ്യവഹാരങ്ങളുടെ അടിസ്ഥാനത്തിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗത്വം എടുക്കാതെ സർവ്വീസിൽ തുടരുന്ന ജീവനക്കാരുടെ വിഷയത്തിൽ ബന്ധപ്പെട്ട കോടതികളുടെ അന്തിമ വിധി പ്രകാരം ഉചിതമായ അധികാരി ജീവനക്കാരന് എൻ.പി.എസ് ബാധമാക്കി ഉത്തരവ് പുറപ്പെടുവിച്ച് **പ്രസ്തുത ഉത്തരവ് തീയതി മുതൽ ഒരുമാസത്തിനകം എൻ.പി.എസ് രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.**

ഉപഖണ്ഡികകൾ (a), (b), (c) യിൽ വ്യക്തമാക്കിയിട്ടുള്ള നിശ്ചിത സമയപരിധിയ്ക്കകം എൻ.പി.എസ് രജിസ്ട്രേഷൻ പൂർത്തികരിക്കേണ്ട പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട ഡി.ഡി.ഒ-മാർക്കാണ്. ആയതിനാൽ, ഇത്തരത്തിൽ അംഗത്വം എടുക്കാതെ സേവനത്തിൽ തുടരുന്ന ജീവനക്കാരുടെ പൂർണ്ണ ശമ്പള ബില്ലുകൾ (Full Salary Bill) അവരുടെ PRAN ലഭിക്കുന്നതുവരെ ബന്ധപ്പെട്ട ഡി.ഡി.ഒ. മാർ തയ്യാറാക്കേണ്ടതില്ല. ഏതെങ്കിലും സാഹചര്യത്തിൽ ഇത്തരം ശമ്പള ബില്ലുകൾ ലഭിക്കുന്ന പക്ഷം ടി ബില്ലുകൾ ഓഫീസർ നിരസിക്കേണ്ടതാണ്.

3) (i) വിവിധ വകുപ്പുകളിൽ KSR Part III പെൻഷനിൽ തുടരുന്നതിനു മൊബിലിറ്റി ആനുകൂല്യത്തിനായി നിശ്ചിത സമയപരിധിക്കുള്ളിൽ ഓപ്ഷൻ സമർപ്പിച്ചിട്ടുള്ള ഭൂരിഭാഗം ജീവനക്കാരേയും ബന്ധപ്പെട്ട നിയമനാധികാരികൾ പരാമർശം (5), (6) എന്നീ ഉത്തരവുകളിൽ വ്യക്തമാക്കിയതു പ്രകാരം സ്റ്റാറ്റിയൂറ്ററി പെൻഷനിൽ ഉൾപ്പെടുത്തി, നാളിതുവരെയും നടപടിക്രമങ്ങൾ പുറപ്പെടുവിച്ചിട്ടില്ലെന്നും KSR

Part III പെൻഷനിൽ തുടരുന്നതിന് മൊബിലിറ്റി ആനുകൂല്യം അനുവദിച്ചു കൊണ്ട് ബന്ധപ്പെട്ട നിയമനാധികാരികൾ നാളിതുവരെ പുറപ്പെടുവിച്ചിട്ടുള്ള നടപടിക്രമങ്ങളിൽ പലതും ക്രമപ്രകാരമല്ലായെന്നും കാണുന്നു. മാത്രവുമല്ല പ്രസ്തുത നടപടിക്രമങ്ങളിൽ ജീവനക്കാരുടെ സ്റ്റാറ്റിയൂറ്ററി പെൻഷനുള്ള അർഹതയെ സാധൂകരിക്കാനുതകുന്ന വിശദശാംശങ്ങൾ ഒന്നും തന്നെ ഉൾകൊള്ളിക്കാതെയാണ് പ്രസ്തുത നടപടിക്രമങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതെന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ii) മേൽ സാഹചര്യങ്ങളിൽ 31.07.2021 നകം സർവ്വീസിൽ പ്രവേശിച്ച ഖണ്ഡിക 3(1)-ൽ ഉൾപ്പെടുന്ന ജീവനക്കാരുടെ സർവ്വീസ് വിശദാംശങ്ങൾ പരിശോധിച്ച് ഈ പരിപത്രത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന അനുബന്ധം പ്രകാരമുള്ള വിവരങ്ങൾ ബന്ധപ്പെട്ട ഡിഡിഒ തയ്യാറാക്കി നിയമനാധികാരിയ്ക്ക് സമർപ്പിക്കേണ്ടതും നിയമനാധികാരികൾ പരാമർശം (2),(5), (6) എന്നീ ഉത്തരവുകൾ/ സർക്കുലറിലെ വ്യവസ്ഥകൾക്കനുസൃതമായി അർഹതയുടെ അടിസ്ഥാനത്തിൽ അനുബന്ധത്തിലെ വിവരങ്ങൾ കൂടി ചേർ ത്ത് **ജീവനക്കാരെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 30.09.2025-നകം നടപടിക്രമങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്.**

(iii) നിലവിൽ പുറപ്പെടുവിച്ചിട്ടുള്ള നടപടിക്രമങ്ങളിൽ അനുബന്ധം അനുസരിച്ച് ക്രമപ്രകാരമല്ലാത്തവ ഭേദഗതി ചെയ്യേണ്ടതാണ്. മേൽ നടപടിക്രമങ്ങൾ സാക്ഷ്യപ്പെടുത്തി അതാത് ഓഫീസുകളിൽ സൂക്ഷിക്കേണ്ടതും, ആയതിൻ്റെ ഒരു പകർപ്പ് ജീവനക്കാരൻ്റെ സേവന പുസ്തകത്തിൽ/eService book - ൽ ഉൾപ്പെടുത്തേണ്ടതും ആയത് രേഖപ്പെടുത്തേണ്ടതുമാണ്. **മേൽ നടപടികൾ 30/09/2025 -നകം പൂർത്തീകരിക്കേണ്ടതാണ്.**

(IV) പുനഃപരിശോധനാവേളയിൽ അർഹതയില്ലാത്തവർക്ക് മൊബിലിറ്റി ആനുകൂല്യം അനുവദിക്കപ്പെട്ടിട്ടുണ്ടെന്ന് കണ്ടെത്തുന്ന പക്ഷം ടി ആളുകളെ **ധന (എൻ.പി.എസ്) വകുപ്പിന്റെ മുൻകൂർ അനുമതിയോടെ മാത്രം എൽ.പി.എസ് -ൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.**

4) പുതിയതായി സേവനത്തിൽ പ്രവേശിച്ച് KSR Part III പെൻഷനിൽ തുടരുന്നതിനു മൊബിലിറ്റി ആനുകൂല്യത്തിനായി നിശ്ചിത സമയപരിധിക്കകം ഓപ്ഷൻ ഫോം സമർപ്പിക്കപ്പെടുന്ന സംഗതികളിൽ നിയമനാധികാരികൾ 2 ആഴ്ച്ചക്കുള്ളിൽ മേൽ ജീവനക്കാരുടെ സർവ്വീസ് വിശദാംശങ്ങൾ പരിശോധിച്ച് സൂചന പരാമർശങ്ങൾ (2), (5), (6) എന്നിവകളിൽ വ്യവസ്ഥകൾക്കനുസൃതമായി അർഹതയുടെ അടിസ്ഥാനത്തിൽ KSR Part III പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നിർബന്ധമായും നടപടിക്രമങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്. മാത്രവുമല്ല അപ്രകാരം നിയമനാധികാരികൾ പുറപ്പെടുവിക്കുന്ന നടപടിക്രമങ്ങളിൽ **മുൻ ഖണ്ഡിക 3(II )-ൽ സൂചിപ്പിക്കുന്ന വിശദാംശങ്ങൾ എല്ലാം ഉൾക്കൊള്ളിക്കേണ്ടതും അതോടൊപ്പം ഓപ്ഷൻ ഫോം ഡി.ഡി.ഒ മേലൊപ്പ് വെച്ച് സേവന പുസ്തകത്തിൽ/eService book-ൽ സൂക്ഷിക്കേണ്ടതും ആയത് രേഖപ്പെടുത്തേണ്ടതുമാണ്.**

5) 01.04.2013 നു മുൻപ് പാർട്ട് ടൈം തസ്തികിൽ ജോലി ചെയ്തുവരുകയും ടി തീയതിക്ക് ശേഷം ഫുൾ ടൈം തസ്തികയിലേക്ക് സ്ഥാനക്കയറ്റം/ ബൈ-ട്രാൻസ്ഫർ പ്രൊമോഷൻ ലഭിച്ച് പരാമർശം (8), (9) എന്നീ ഉത്തരവുകളിൽ നിഷ്കർഷിക്കുന്ന സമയപരിധിക്കുള്ളിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ തുടരാൻ ഓപ്ഷൻ സമർപ്പിക്കാതെ 56 വയസ്സിനു ശേഷവും സേവനത്തിൽ തുടരുന്ന ജീവനക്കാരുണ്ടെങ്കിൽ പരാമർശം (8) ഉത്തരവിന്റെ ഖണ്ഡിക 5-9 വരെയുള്ള നടപടികൾ പ്രകാരം ഉടൻ നിർബന്ധിത വിരമിക്കലിന് വിധേയമാക്കേണ്ടതും ഇത്തരത്തിലുള്ള ജീവനക്കാർ 56 വയസ്സിനു ശേഷം സേവനത്തിൽ തുടരുന്നില്ലായെന്ന് ബന്ധപ്പെട്ട ഡിഡിഒ/ നിയമനാധികാരി ഉറപ്പ

വരുത്തേണ്ടതുമാണ്. മേൽപ്പടി നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച്ച വരുത്തുന്നത് മൂലം സർക്കാരിന് ഉണ്ടാക്കുന്ന സാമ്പത്തിക നഷ്ടങ്ങൾക്കുള്ള പരിപൂർണ്ണ ഉത്തരവാദിത്തം **ബന്ധപ്പെട്ട ഡിഡിഒ-യിലും നിയമനാധികാരിയിലും നിക്ഷിപ്തമായിരിക്കും.**

6) പരാമർശം (8) ഉത്തരവിൻ്റെ പരിധിയിൽ വന്ന ജീവനക്കാരുടെ വിഷയത്തിലും 31.03.2013-ന് മുൻപ് സർക്കാർ സർവീസിൽ പ്രവേശിക്കുന്നതിന് നിയമന ഉത്തരവ് ലഭിക്കുകയും എന്നാൽ 31.03.2013- ന് ശേഷം ജോലിയിൽ പ്രവേശിക്കുന്നതിനായി ബന്ധപ്പെട്ട അധികാരിയുടെ അനുമതിയോടെ സേവനത്തിൽ പ്രവേശിക്കുന്നകാലം ദീർഘപിച്ച് നേടി പരാമർശം 4 സർക്കാർ ഉത്തരവിൻ്റെ പരിധിയിൽ വരുന്ന ജീവനക്കാരുടെ വിഷയത്തിലും പല നിയമനാധികാരികളും മേൽ വിഭാഗങ്ങളിൽ ഉൾപ്പെട്ട ജീവനക്കാരെ KSR Part III പെൻഷനിൽ തുടരുന്നതിന് മൊബിലിറ്റി ആനുകൂല്യം അനുവദിച്ച് കൊണ്ട് നടപടിക്രമങ്ങൾ പുറപ്പെടുവിക്കുന്നില്ലായെന്ന് സർക്കാരിൻ്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി വിഭാഗം ജീവനക്കാരെ KSR Part III പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നിയമനാധികാരികൾ അനുബന്ധം പ്രകാരമുള്ള നടപടിക്രമങ്ങൾ നിർബന്ധമായും പുറപ്പെടുവിക്കേണ്ടതാണ്. പരാമർശം (8) ഉത്തരവ് പ്രകാരം മൊബിലിറ്റി ആനുകൂല്യത്തിനു അർഹതയുള്ള ജീവനക്കാരുടെ വിഷയത്തിൽ ജീവനക്കാർ പാർട്ട് ടൈം തസ്തികയിൽ പ്രവേശിച്ച തീയതി, ഫുൾ ടൈം തസ്തികയിൽ പ്രവേശിച്ച തീയതി എന്നിവയും, പരാമർശം 4 സർക്കാർ ഉത്തരവിൻ്റെ പരിധിയിൽ വരുന്ന ജീവനക്കാരുടെ സംഗതിയിൽ, **ജീവനക്കാരന് ജോയിനിങ് ടൈം എക്സ്റ്റൻഷൻ നൽകിയ കാലാവധി, അനുവദിച്ച ജോയിനിങ് ടൈം എക്സ്റ്റൻഷന് ശേഷം സർവ്വീസ് ബ്രേക്ക് കൂടാതെ സർവ്വീസിൽ തിരികെ പ്രവേശിച്ചിട്ടുണ്ടോ എന്നീ വിശദാംശങ്ങളും നടപടിക്രമങ്ങളിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.**

7) 01/04/2013 ന് ശേഷം പാർട്ട് ടൈം ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെ കാര്യത്തിൽ ടി ജീവനക്കാർ പാർട്ട് ടൈം സേവന കാലയളവിൽ പ്രാൺ അക്കൗണ്ടിലേയ്ക്ക് ഒടുക്കിയിട്ടുള്ള വ്യക്തിഗത/ സർക്കാർ വിഹിതങ്ങൾ, പരാമർശം 7 ഉത്തരവിൽ പറയുന്ന നടപടിക്രമങ്ങൾ പാലിച്ച് ധന (എൻ.പി.എസ്) വകുപ്പിൻ്റെ മുൻകൂർ അനുമതി ഇല്ലാതെ തന്നെ വീണ്ടെടുക്കാവുന്നതാണ്.ആയതിനു പ്രസ്തുത കാലയളവിലെ **എൻ.പി.എസ് ഡിഡക്ഷൻ സ്റ്റേറ്റ്മെന്റ് സഹിതം DDO മുഖേന അപേക്ഷ സമർപ്പിക്കേണ്ടതാണ്.**

8) പരാമർശം (1) പ്രകാരം 01.04.2013 ന് മുൻപ് നിയമം ഇവ ലഭ്യമായതും 01.04.2013 നോ അതിനു ശേഷമോ സേവനത്തിൽ പ്രവേശിച്ചിട്ടുള്ളവരുമായ ജീവനക്കാർക്ക് KSR Part III പെൻഷൻ പദ്ധതിയാണ് ബാധകമാകുന്നത്.

9) കേരള പി.എസ്. സി യുടെ അഡ്വസ് മെമോയിലെ തിയതി 01.04.2013- ന് മുമ്പ് ആയിരിക്കുകയും എന്നാൽ നിയമന ഉത്തരവിലെ തീയതി 01.04.2013 ന് ശേഷം ആയിരിക്കുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ ജീവനക്കാരിൽ മൊബിലിറ്റി ആനുകൂല്യത്തിന് അർഹതയുള്ളവർ ഒഴികെയുള്ളവർക്ക് ദേശീയ പെൻഷൻ പദ്ധതിയാണ് ബാധകമാകുന്നത്.

10) 12.07.2019 ലെ സ.ഉ.(അ) നം.84/2019/ ധന ഉത്തരവ് പ്രകാരം 01.04.2013 ന് മുമ്പ് സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം ലഭിച്ച് 01.04.2013 ന് ശേഷം റെഗുലറൈസ് ചെയ്യപ്പെട്ട ജീവനക്കാർക്കും നാളിതുവരെ റെഗുലറൈസ് ചെയ്യപ്പെടാത്ത ജീവനക്കാർക്കും 0.04.2013 ന് ശേഷം സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാർക്കും ദേശീയ പെൻഷൻ പദ്ധതിയാണ് ബാധകമാകുന്നത്. നാളിതുവരെ എൻ.പി.എസ് രജിസ്ട്രേഷൻ എടുക്കാത്ത ജിവനക്കാരുടെ എൻ.പി.എസ് രജിസ്ട്രേഷൻ നടപടികൾ 02.10.2025-നു അകം ബന്ധപ്പെട്ട ഡിഡിഒ-മാർ പൂർത്തീകരിക്കേണ്ടതാണ്. പ്രസ്തുത സമയക്രമം പാലിക്കാത്ത ജീവനക്കാരുടെ ശമ്പള ബില്ലുകൾ (Salary

Bill) അവരുടെ PRAN ലഭിക്കുന്നതുവരെ ബന്ധപ്പെട്ട ഡിഡിഒ-മാർ തയ്യാറാക്കേണ്ടതില്ല. ഏതെങ്കിലും സാഹചര്യത്തിൽ **ഇത്തരം ശമ്പള ബില്ലുകൾ ലഭിക്കുന്ന പക്ഷം ടി ബില്ലുകൾ ഓഫീസർ നിരസിക്കേണ്ടതാണ്.**

11) 28.04.2025 ലെ സ.ഉ.(അ)നം.59/2025/ധന ഉത്തരവ് പ്രകാരം എൻ.പി.എസ് രജിസ്ട്രേഷൻ നടപടികളിൽ കാലതാമസം സംഭവിക്കുന്നത് മൂലമുണ്ടാകുന്ന കുടിശ്ശിക തുക പരമാവധി 15 മാസ തവണകളായി എൻ.പി.എസ് പ്രതിമാസ വിഹിതത്തിനോടൊപ്പം ശമ്പളത്തിൽ നിന്നും ഈടാക്കുന്നുണ്ടെന്നത് ബന്ധപ്പെട്ട ഡി.ഡി.ഓ മാർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഷിജിത്ത്.വി എഫ്.സി.എ)

ഫൈനാൻസ് മാനേജർ &

ചീഫ് അക്കോൺസ് ഓഫീസർ

ഉള്ളടക്കം : സർക്കാർ സർക്കുലർ നം 68/2025/ധന തീയതി 03.09.2025

സ്വീകർത്താവ് : എല്ലാ DDO-മാർക്കും
പകർപ്പ് : EE to മാനേജിങ് ഡയറക്ടർ, ചീഫ് എൻജിനീയർ (HRD & GL)

Signed by Shijith V
Date: 20-09-2025 07:47:41